**Kudumbashree**
*State Poverty Eradication Mission*
Local Self Govt. Department, Govt. of Kerala

3537/സി/2009/കെ.എസ്.എച്ച്.ഒ 03..09..2017

പ്രേഷകൻ

പ്രോഗ്രാം ഓഫീസർ (സംഘടന)
കുടുംബശ്രീ

ഗ്രാഹകൻ

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

സർ,

വിഷയം:- കുടുംബശ്രീ - പലിശ സബ്സിഡി ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

2016-17 സാമ്പത്തിക വർഷം കുടുംബശ്രീ പലിശ സബ്സിഡി പദ്ധതിക്കായി അനുവദിച്ചിരുന്ന ഫണ്ട് 2017 ഒക്ടോബർ അവസാനത്തോടുകൂടി ലഭ്യമാകുമെന്ന് സർക്കാരിൽ നിന്നും അറിയാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ പലിശ സബ്സിഡി, മാച്ചിംഗ് ഗ്രാന്റ് അപേക്ഷകൾ നടപടിക്രമം പൂർത്തിയാക്കേണ്ടതുണ്ട്. 2017 ഒക്ടോബർ 20 നകം പൂർത്തിയാകുന്ന രീതിയിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ വിവേചനാധികാരത്തിൽ ടി പ്രവർത്തനം നടത്താവുന്നതാണ്. മേൽ പ്രവർത്തനത്തിനായി ആവശ്യമെങ്കിൽ രണ്ട് ആർ.പി യുടെ സേവനം ജില്ലകളിൽ പത്ത് ദിവസത്തേയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനാവശ്യമായ ഫണ്ട് സംഘടന ശാക്തീകരണം എന്ന ശീർഷകത്തിൽ വകയിരുത്താവുന്നതാണ്. 2017-18 സാമ്പത്തിക വർഷം സെപ്റ്റംബർ മാസം വരെ ബാങ്ക് ലിങ്കേജ് വായ്പ എടുത്തവർക്ക് പലിശ സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമം പൂർത്തിയാകുന്നുണ്ടെന്ന് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

**പ്രോഗ്രാം ഓഫീസർ (സംഘടന)**
**കുടുംബശ്രീ**

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org